കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയുടെ ഭാഗമാക്കൽ, ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷന്റെ സഹകരണത്തോടു കൂടി നടപ്പാക്കുന്ന വിഷൻ ഇന്ത്യാ കേരള പദ്ധതി, ദേശീയ മത്സരങ്ങൾ മുന്നിൽ കണ്ടുകൊണ്ടുള്ള പരിശീലന പരിപാടികൾ, ഗ്രാമീണ തലത്തിൽ സമഗ്ര കായിക വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതികൾ, പഞ്ചായത്ത് തലത്തിൽ സ്പോർട്സ് കൗൺസിലിന്റെ സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങൾ കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും നീന്തൽ പഠിപ്പിയ്ക്കുന്നതിനുള്ള സമഗ്ര പദ്ധതി (take a splash) തുടങ്ങിയ പരിപാടികൾക്ക് രൂപം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. 2012-16 ഒളിമ്പിക്സ് ലക്ഷ്യം വച്ചുകൊണ്ട് അത്ലറ്റിക്സിൽ എലൈറ്റ് പരിശീലനം നൽകുന്നതിനായി Go for Gold എന്ന പദ്ധതിയ്ക്കും രൂപം നൽകിയിട്ടുണ്ട്

(ബി) പേരാവൂർ നിയോജകമണ്ഡലത്തിൽ സെന്റ് ജോസഫ് എച്ച്.എസ്. തുണ്ടിയിൽ പേരാവൂർ-ന് കളിസ്ഥല വികസനത്തിനായി 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിൽ ദേശീയ ഗെയിംസിന് വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ

206 (2306) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നികിൽ ദേശീയ ഗെയിംസിനു വേണ്ടി എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുവെന്ന് അറിയിക്കുമോ ;

(ബി) ഇവയുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗെയിംസിന്റെ ഭാഗമായി ഷൂട്ടിംഗ് റേഞ്ചും ഗെയിംസിനോടനുബന്ധിച്ചുള്ള സ്പോർട്സ് വികസനത്തിന്റെ ഭാഗമായി ഒരു ഗ്രീൻഫീൽഡ് ഇൻഡോർ സ്റ്റേഡിയവും നിർമ്മിക്കുന്നു.

(ബി) (1) ഷൂട്ടിംഗ് റേഞ്ച്

50 മീറ്റർ, 10 മീറ്റർ എന്നീ ഷൂട്ടിംഗുകൾക്കായി ഒരു രണ്ട് നില കെട്ടിടവും 25 മീറ്റർ ഷൂട്ടിംഗ് റേഞ്ചിനായി ഒരു നില കെട്ടിടവും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു.

(2) ഗ്രീൻഫീൽഡ് സ്റ്റേഡിയം

കേരളത്തിൽ നാഷണൽ ഗെയിംസിന്റെ ഭാഗമായി ആസ്ട്രോ ടർഫ് സ്കീമിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നാല് സ്റ്റേഡിയങ്ങളിൽ ഒന്നാണ് വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിനുള്ളിലെ ഇൻഡോർ സ്റ്റേഡിയം ബാഡ്മിന്റൺ,

LIBRARY ARCHIVES Kerala Legislative Assembly

വോളിബോൾ , ബാസ്ക്കറ്റ്ബോൾ, ടേബിൾ ടെന്നീസ്, ലോൺ ടെന്നീസ് ജിംനേഷ്യം ക്ലബ്ബ് സൗകര്യങ്ങൾ, 200 പേർക്കുള്ള ഡോർമിറ്ററി കാർ പാർക്കിംഗ് എന്നിവയാണ് ഉൾപ്പെടുന്നത്. ഏകദേശം അമ്പത്തി ഒന്ന് കോടി രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി കണക്കാക്കുന്നത്. പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

വെള്ളയമ്പലത്തെ സ്വിമ്മിംഗ് പൂളിന്റെ നവീകരണം പൂർത്തിയാക്കാൻ നടപടി

207 (2307) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വെള്ളയമ്പലത്തെ വാട്ടർ വർക്സ് സ്വിമ്മിംഗ് പൂളിന്റെ നവീകരണം പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) നവീകരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സ്വിമ്മിംഗ്പൂളിന്റെ നിർമ്മാണ സ്ഥലത്ത് നിലവിലുള്ള ജലവിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് താമസം നേരിട്ടതുമൂലമാണ്.

(ബി) പണി ആരംഭിച്ച് എട്ടു മാസത്തിനകം നവീകരണ പണികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കുന്നു.

തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനം

208 (2308) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരത്തെ ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പരിഷ്കരണവും പുതിയ വാംഅപ്പ് കെട്ടിടത്തിന്റെ നിർമ്മാണവും 35% പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2011 മാർച്ച് 31-ന് മുമ്പായി മുഴുവൻ പണികളും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly